നമ്പർ : ICPS 2/9815/2015

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ ഭവൻ,
തിരുവനന്തപുരം
തീയതി : 01/07/2015

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ ഹോമുകളിൽ കൗൺസിലർ നിയമനം സംബന്ധിച്ച്.

പരാമർശം : (1) 21.03.2015 തീയതിയിലെ എസ്.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ രണ്ടാമത്തെ തീരുമാനം.
(2) 25.05.2015 തീയതിയിലെ എസ്.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ ഏഴാമത്തെ തീരുമാനം.
(3) ഈ ഓഫീസിലെ 12.06.2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ജെ.ജെ ഹോമുകളിൽ ഒരു കൗൺസിലറെ കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 17,500/-രൂപ നിരക്കിൽ നിയമിക്കുന്നതിനു അനുവാദമുണ്ട്. എസ്.സി.പി.എസ്-ന്റെ 21.03.2015-നു ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ ജെ.ജെ ഹോമുകളിലും ഒരു കൗൺസിലറുടെ സേവനം വീതം ലഭ്യമാക്കുന്നതിനു തീരുമാനമെടുത്ത് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം മൂന്നു പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

എല്ലാ ജില്ലകളിലും ജെ.ജെ ഹോമുകളിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തി നിയമിക്കുന്നതിനുള്ള ചുമതല ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കായിരിക്കും. സെലക്ഷൻ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും.

സെലക്ഷൻ കമ്മിറ്റിയുടെ ഘടന :-

- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ - ചെയർമാൻ
- ജെ.ജെ സ്ഥാപന സൂപ്രണ്ട് - കൺവീനർ (ജില്ലയിൽ ഒന്നിലധികം ജെ.ജെ സ്ഥാപനങ്ങളും ഉണ്ടെങ്കിൽ ചെയർമാൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും ഒരു സ്ഥാപനത്തിലെ സൂപ്രണ്ട് കൺവീനറായി പ്രവർത്തിക്കണം)
- ജെ.ജെ ബി.യിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ് നിർദ്ദേശിക്കുന്ന ഒരു അംഗം - മെമ്പർ
- ചൈൽഡ് വെൽഫയർ കമ്മിറ്റിയിലെ ചെയർമാൻ നിർദ്ദേശിക്കുന്ന ഒരംഗം.- മെമ്പർ

21.03.2015-നു ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യത മാനദണ്ഡങ്ങൾ തീരുമാനിക്കുകയുണ്ടായി. അത് ചുവടെ ചേർക്കുന്നു. PTO

**മാനദണ്ഡങ്ങൾ**

- **യോഗ്യത** - സൈക്കോളജിയിലോ, സോഷ്യൽ വർക്കിലോ ഉള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്ദര ബിരുദം.
- **പരിചയം** - കൗൺസിലിംഗ് രംഗത്തിൽ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം.
- **പ്രായ പരിധി** - 25-നും, 40-നും മധ്യേ

- കൗൺസിലറുടെ പ്രവർത്തി സമയം ഉച്ചക്ക് രണ്ടു മണി മുതൽ രാത്രി 8 മണി വരെയും, സ്കൂൾ അവധി ദിവസങ്ങളിൽ 10 മുതൽ 5 മണി വരെയും ആയിരിക്കും.
- 05.08.2015-ാം തീയതിക്കു മുൻപ് കമ്മിറ്റി കൂടി ആവശ്യമായ തീരുമാനങ്ങളെടുക്കുകയും, നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുമാണ്.
- ജില്ലാതലത്തിൽ ഒബ്ജക്റ്റീവ് മാതൃകയിലുള്ള എഴുത്ത് പരീക്ഷ, ഇൻറർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
- എഴുത്ത് പരീക്ഷ സംബന്ധിച്ച് ചോദ്യപേപ്പർ തയ്യാറാക്കൽ, അവയുടെ സൂക്ഷിപ്പ് ഇൻവിജിലേറ്ററെ നിയോഗിക്കൽ, ഉത്തര പേപ്പർ പരിശോധന തുടങ്ങിയ കാര്യങ്ങൾ ജില്ലാ തലത്തിൽ തന്നെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്.
- 30.08.2015-നു മുമ്പായി നിയമന നടപടികൾ പൂർത്തികരിക്കണം.
- ഒരു വർഷമാണ് കരാർ നിയമനത്തിന്റെ കാലാവധി.
- പ്രസ്തുത കമ്മിറ്റികൾ അംഗീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം നിയമനം നടത്താനുള്ള അധികാരം സാമൂഹ്യ നീതി ഡയറക്ടർക്കായിരിക്കും.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.
എല്ലാ ജെ.ജെ സൂപ്രണ്ടുമാർക്കും.

പകർപ്പ്

1. എല്ലാ ചൈൽഡ് കെയർ കമ്മിറ്റി ചെയർമാൻമാർക്കും. (ആമുഖ കത്ത് സഹിതം)
2. എല്ലാ ജെ.ജെ.ബി പ്രിൻസിപ്പൽ മജിസ്ട്രേട്ടുമാർക്കും.
3. ഐ.സി.പി.എസ് - 4
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്